# “തിയേറ്റർ സമരം ജനവിരുദ്ധം”

## അഞ്ചോ ആറോ കോടി മുടക്കി സിനിമ നിർമ്മിക്കുന്ന നിർമ്മാതാവിന് അയാളുടെ പ്രൊഡക്ടിനുമേൽ നിയന്ത്രണമില്ലെന്നു വന്നാൽ എങ്ങനെയാണ്? ഉല്പന്നം വിൽക്കുന്ന സൂപ്പർമാർക്കറ്റിന്റെ റോൾ മാത്രമേ തിയേറ്ററിനുള്ളൂ

■ കമൽ/പി.എസ്. റംഷാദ്

കേരളപ്പിറവിക്കുശേഷമുള്ള കാലത്തിന്റെ നേർപകുതിയിൽ കമൽ എന്ന സംവിധായകന്റെ സാന്നിധ്യമുണ്ട്. ഐക്യകേരളം രൂപപ്പെട്ട് മൂന്നു പതിറ്റാണ്ടു തികഞ്ഞ 1986–ൽ ആണ് അദ്ദേഹത്തിന്റെ ആദ്യ സിനിമ, മിഴിനീർപ്പൂവുകൾ വന്നത്. അതുകഴിഞ്ഞിട്ട് ഇപ്പോൾ മുപ്പതു വർഷം. നിരവധി നല്ല സിനിമകളോടുള്ള ഇഷ്ടത്തിലൂടെ പ്രേക്ഷകർ സ്വാഭാവികമായി നൽകിയ അംഗീകാരത്തിനൊപ്പം വളർന്നാണ് അദ്ദേഹം സ്വന്തം ഇടം ഉറപ്പിച്ചത്. സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ അധ്യക്ഷസ്ഥാനത്തേക്ക് ഇടതുമുന്നണി സർക്കാർ കമലിനെ നിയോഗിച്ചത് ഇടതുപക്ഷ രാഷ്ട്രീയത്തോട് അദ്ദേഹം മറച്ചുവയ്ക്കാതെ നിലനിർത്തിപ്പോന്ന അടുപ്പത്തിനുള്ള പ്രതിഫലമായി മാറാത്തതും ആ ഇടത്തിന്റെ ഈടുകൊണ്ടുതന്നെ. അർഹതയ്ക്കൊത്ത അംഗീകാരം എന്നതു കലർപ്പില്ലാത്ത വിശേഷണം മാത്രം. കേരളത്തിന്റെ ഇരുപത്തിയൊന്നാമത് അന്താരാഷ്ട്ര ചലച്ചിത്രമേള കമലിന്റെ നേതൃത്വത്തിൽ നടന്ന ആദ്യ അന്താരാഷ്ട്ര മേളയായിരുന്നു. തിയേറ്ററുകളിൽ പ്രദർശനത്തിനു മുൻപു ദേശീയ ഗാനാലാപനം അവതരിപ്പിക്കണം എന്ന സുപ്രീംകോടതി വിധി ചലച്ചിത്രമേളയിലും നടപ്പാക്കിയെങ്കിലും അതിനോടു ചിലർ പരസ്യമായി വിയോജിപ്പു പ്രകടിപ്പിച്ചതിൽ പിടിച്ച് കമലിനെ വില്ലനാക്കാൻ നീക്കമുണ്ടായതു വളരെ വേഗമായിരുന്നു. കമലിന്റെ മുഴുവൻ പേര് കമാലുദ്ദീൻ എന്നാണെന്നു സംഘ്പരിവാർ ‘കണ്ടെത്തി’യപ്പോൾ അതു കേരളത്തിൽ വേണ്ടെന്നു തിരിച്ചടിച്ചു മുഖ്യമന്ത്രി പിണറായി വിജയനും സർക്കാരും മാത്രമല്ല, കേരളത്തിന്റെ മതേതര സമൂഹത്തിന്റെ കരുതലും കമലിനൊപ്പം നിന്നു.

അതിനോടുള്ള സ്വന്തം പ്രതികരണത്തിൽനിന്നല്ല കമൽ ഇപ്പോൾ പറഞ്ഞുതുടങ്ങുന്നത്. ക്രിസ്തുമസ് കാലത്തെ റിലീസുകൾക്കു പ്രമുഖ തിയേറ്ററുകൾ വിട്ടുകൊടുക്കാൻ വിസമ്മതിച്ച എക്സിബിറ്റേഴ്സ് ഫെഡറേഷന്റെ നിലപാട് മലയാള സിനിമാ മേഖലയിൽ വീണ്ടും വലിയ പ്രതിസന്ധി സൃഷ്ടിച്ചു. കളക്ഷൻ പങ്കുവയ്ക്കുന്നതിലെ വിഹിതത്തെച്ചൊല്ലിയുള്ള ഈ തർക്കത്തിൽ സാംസ്കാരിക മന്ത്രിയുടെ ഇടപെടലിനും ചർച്ചയ്ക്കും പരിഹാരനിർദ്ദേശത്തിനും ഫലമുണ്ടാകാതെ വന്നപ്പോൾ നിർമ്മാതാക്കളും വിതരണക്കാരും പ്രതികരിച്ചതു പ്രദർശിപ്പിച്ചുകൊണ്ടിരുന്ന സിനിമകൾ കൂടി പിൻവലിച്ചുകൊണ്ടാണ്. രൂക്ഷ പ്രതിസന്ധിക്കു നടുവിലാണ് കമലിനോടു സംസാരിച്ചത്. ചലച്ചിത്ര അക്കാദമി അധ്യക്ഷൻ എന്ന നിലയിലല്ല, ഫിലിം മേക്കർ എന്ന നിലയിലാണ് തന്റെ പ്രതികരണം എന്ന ആമുഖത്തോടെ ചില കാര്യങ്ങൾ തുറന്നുപറയുകയാണ് കമൽ. ഒപ്പം ദേശീയഗാന വിവാദം, സിനിമയുടെയും അക്കാദമിയുടെയും രാഷ്ട്രീയം, സിനിമയിലെ കള്ളപ്പണം, താരങ്ങളുടെ സാമൂഹിക പ്രതിബദ്ധത, മോഹൻലാലുമായിച്ചേർന്നു കമൽ സിനിമകളില്ലാത്തത് തുടങ്ങിയ മുഴുവൻ ചോദ്യങ്ങൾക്കും കമൽ മറുപടി നൽ



കമൽ

കുന്നു. പുതിയ സിനിമയായ ആമിയിലെ മാധവിക്കുട്ടിയെക്കുറിച്ചും കമലിനു പറയേണ്ടതുണ്ട്.

*ക്രിസ്തുമസിനു റിലീസ് ചെയ്യേണ്ട നാലു സിനിമകൾ റിലീസ് ചെയ്യാൻ പറ്റിയില്ല എന്നത് ഏതാനും സൂപ്പർതാരങ്ങളെയോ സംവിധായകരെയോ നിർമ്മാതാക്കളെയോ മാത്രം ബാധിക്കുന്ന കാര്യമല്ലല്ലോ. നിരവധിയാളുകൾ ആശ്രയിക്കുന്ന മേഖലയാണ്, സർക്കാരിന്റെയും വരുമാനങ്ങളിലൊന്നാണ്. ഇപ്പോഴത്തെ പ്രതിസന്ധി ഉണ്ടാക്കിയിരിക്കുന്നവരുടെ സമീപനം സിനിമാമേഖലയോടുള്ള ഉത്തരവാദിത്വമില്ലായ്കയാണ് എന്നു പറയേണ്ടിവരുമോ?*

ഞാൻ അങ്ങനെതന്നെ സംശയിക്കുന്നു. സംഘടനകൾ നല്ലതുതന്നെയാണ്, അല്ലെന്നു പറയുന്നില്ല. മലയാള സിനിമയുടെ പ്രത്യേകത ഇവിടെ മറ്റുള്ളിടങ്ങളിൽനിന്നു വ്യത്യസ്തമായി മുതലാളിമാരാണ് ആദ്യം സംഘടിച്ചത് എന്നതാണ്, നല്ലതായാലും ചീത്തയായാലും. (ഇതു പുതിയ കാര്യമെന്ന നിലയിൽ അവതരിപ്പിക്കുകയല്ല, ഞാൻ മുൻപും പറഞ്ഞിട്ടുള്ളതാണ്). മറ്റെല്ലായിടത്തും തൊഴിലാളികളാണ് ആദ്യം സംഘടിക്കുന്നത്. പ്രേംനസീറൊക്കെ വലിയ താരമായിരിക്കുന്ന സമയത്ത് അദ്ദേഹവും മറ്റും സഹകരിച്ചാണ് നിർമ്മാതാക്കളുടെ സംഘടനയായ കേരള ഫിലിം ചേംബർ രൂപംകൊണ്ടത്. പ്രേംനസീറും മറ്റു താരങ്ങളുമൊക്കെ താരനിശ നടത്തി ആ പണംകൊണ്ടാണ് എറണാകുളത്ത് എം.ജി റോഡിൽ ഫിലിം ചേംബറിനു സ്വന്തം കെട്ടിടം വരെ ഉണ്ടായത്. 1970-കളുടെ ഒടുവിലാണ് അത്. ഫെഡറേഷൻ പോലെയൊരു വേദിയാണ് അത്. ചേംബറിനു കീഴിൽ നിർമ്മാതാക്കൾക്കും വിതരണക്കാർക്കും വെവ്വേറെ സംഘടനകളുണ്ടായി. തിയേറ്ററുകൾക്കു എ, ബി, സി വേർതിരിവു സജീവമായി ഉള്ള കാലമായിരുന്നു. പുതിയ സിനിമകളുടെ റിലീസിംഗ് കേന്ദ്രങ്ങളായിരുന്ന എ ക്ലാസ് തിയേറ്ററുകളുടെ ഉടമകൾ ഫിലിം എക്സിബിറ്റേഴ്സ് ഫെഡറേഷനും ബി, സി ക്ലാസുകാരുടേതായി

ഫിലിം എക്സിബിറ്റേഴ്സ് അസോസിയേഷനും ഉണ്ടായി.

ഞാൻ ആദ്യം സിനിമ ചെയ്യുന്ന കാലത്തു പരമാവധി 25 തിയേറ്ററുകളിലൊക്കെയാണ് റിലീസ്. സിനിമ എയിൽനിന്നു ബിയിലേക്കും പിന്നെ സിയിലേക്കും പോകും. ഒരു സിനിമതന്നെ കേരളത്തിന്റെ പല ഭാഗങ്ങളിലായി 100-150 ദിവസങ്ങളൊക്കെ ഓടിക്കൊണ്ടിരിക്കും. അതുകൊണ്ടാണ് സിനിമ സജീവമായി ജനങ്ങളുടെ മനസ്സിൽ നിലനിന്നത്. പഴയ സിനിമകൾ എന്തുകൊണ്ട് ഇത്രയും കാലം മനുഷ്യന്റെ മനസ്സിൽ നിൽക്കുന്നു എന്നു ചോദിച്ചുകഴിഞ്ഞാൽ അങ്ങോളമിങ്ങോളം തിയേറ്ററുകളിൽ സിനിമ ഓടി സാന്നിധ്യം നിലനിർത്തിയിരുന്നതുകൊണ്ടാണ് എന്നാണുത്തരം. എവിടെയെങ്കിലുമൊക്കെ ആ സിനിമ ഉണ്ടാകും, അതിന്റെ പോസ്റ്ററുകളുണ്ടാകും. അതുകൊണ്ട് ആളുകളുടെ മനസ്സിൽ ആ സിനിമയും അതുമായി ബന്ധപ്പെട്ട കാര്യങ്ങളുമുണ്ടാകും. അന്ന് ഇന്റർനെറ്റ് ഇല്ല, ടെലിവിഷൻ ഇന്നത്തെയത്ര ഇല്ല. എന്നിട്ടും ജനങ്ങളുടെ മനസ്സിൽ ആ സിനിമയുണ്ടാകും.

അന്ന് എ ക്ലാസ് തിയേറ്ററുകളിൽ 70 ശതമാനമായിരുന്നു നിർമ്മാതാവിന്റെ ലാഭവിഹിതം. 30 ശതമാനം തിയേറ്ററുകാർക്കും. അക്കാലത്തു നിർമ്മാതാക്കൾ തന്നെയായിരുന്നു വിതരണക്കാരും. എ.സി തിയേറ്ററുകൾ വളരെക്കുറച്ചുമാത്രം ഉണ്ടായിരുന്ന കാലം. പിന്നീടു കൂടുതൽ എ.സി തിയേറ്ററുകൾ വന്നു, തിയേറ്ററിലെ കളക്ഷന്റെ തോതിൽ വ്യത്യാസം വന്നു. വൈദ്യുതിനിരക്കും മറ്റും വർധിച്ചുകഴിഞ്ഞപ്പോൾ സ്വാഭാവികമായും തിയേറ്ററുകാർ പറഞ്ഞു, ഞങ്ങൾക്ക് അമിതമായ ചെലവുണ്ട്. അതു ന്യായമായിരുന്നു. അങ്ങനെയാണ് ലാഭവിഹിതത്തിന്റെ അനുപാതം 60:40 ആയി ക്രമീകരിച്ചത്. രണ്ടാമത്തെ ആഴ്ച ഇത് 55:45 ആയി. 55 ശതമാനം തിയേറ്ററുകാർക്കും 45 ശതമാനം വിതരണക്കാർക്കും. മൂന്നാമത്തെ ആഴ്ച 50:50. ഇതായിരുന്നു കഴിഞ്ഞ കുറേക്കാലമായി തുടർന്നിരുന്ന രീതി. പല സിനിമകൾക്കും രണ്ടാമത്തെ ആഴ്ചയാണ് കളക്ഷൻ കൂടുക എന്ന സ്ഥിതിയും ഉണ്ടായിരുന്നു. അഭിപ്രായങ്ങളൊക്കെ പുറത്തുവന്നു കൂടുതൽ പ്രേക്ഷകർ കാണാനെത്തുന്നതു മിക്കപ്പോഴും ആദ്യത്തെ ആഴ്ചയ്ക്കു ശേഷമാകും. സൂപ്പർ താരങ്ങളുടെ വരവോടെയാണ് പ്രാരംഭ കളക്ഷൻ എന്നതിനു കൂടുതൽ സാധ്യതകൾ വന്നത്. അതിനുമുൻപ് ആദ്യത്തെ ആഴ്ചയിൽ ഹൗസ്ഫുൾ ആകുന്നതുപോലെയോ അതിൽക്കൂടുതലോ രണ്ടാമത്തെ ആഴ്ചയിലും ഹൗസ്ഫുൾ ആയി ഓടും. ക്രമേണയാണ് സിനിമ ഹിറ്റാകുന്നത്. ഞങ്ങളുടെയൊക്കെ പല സിനിമകളും അങ്ങനെയായിരുന്നു. ഉദാഹരണത്തിന്, എന്റെ മഴയെത്തും മുമ്പേ റിലീസ് ചെയ്തത് സ്ഫടികത്തിനൊപ്പമാണ്. സ്ഫടികത്തിന് ആദ്യത്തെ ദിവസങ്ങളിൽ വലിയ തിരക്കായിരുന്നു, മഴയെത്തും മുൻപേയ്ക്ക് ആള് കുറവായിരുന്നു. രണ്ടാമത്തെയും മൂന്നാമത്തെയും ആഴ്ചകളായപ്പോഴാണ് ആ സിനിമയ്ക്ക് കളക്ഷൻ കൂടിവന്നത്. അതു വലിയ ഹിറ്റ് ആവുകയും ചെയ്തല്ലോ. 50:50 എന്ന നിരക്കിലാണ് അന്നു രണ്ടുകൂട്ടർക്കും കിട്ടിക്കൊണ്ടിരുന്നത്. അക്കാലത്തു നന്നായി ഓടിയ പല സിനിമകളുടെയും കണക്കുകൾ നോക്കിയാൽ തിയേറ്ററുകാരുടെയും വിതരണക്കാരുടെയും വിഹിതം ഏകദേശം തുല്യമായിരുന്നു എന്നു കാണാൻ പറ്റും. ഇപ്പോഴും അതിൽ വലിയ മാറ്റം വന്നിട്ടില്ല. മറ്റൊരു കാര്യം, ഒരു സിനിമയ്ക്ക് ഒരു തിയേറ്ററിൽ നിശ്ചിത ശതമാനം കളക്ഷൻ വന്നില്ലെങ്കിൽ ആ സിനിമ മാറ്റുന്ന രീതിയുണ്ട്. 'ഹോൾഡ് ഓവർ' ആയി എന്നാണ് പറയുക. നിശ്ചിത കളക്ഷനേക്കാൾ ഒരു രൂപ കുറഞ്ഞിട്ടുണ്ടെങ്കിൽ ടേംസ് മാറി 60:40 ആകും. 60 ശതമാനം തിയേറ്ററുകാർക്ക്. പലപ്പോഴും ശനിയും ഞായറും കുഴപ്പമില്ലാതെ ഓടിയിട്ട്, അവധിക്കുശേഷമുള്ള ദിവസമെന്ന നിലയിൽ തിങ്കളാഴ്ച കളക്ഷൻ കുറഞ്ഞാലും ഹോൾഡോവർ ആയതായി കണക്കാക്കും. ആ സ്ഥിതി അവിടെ നിലനിൽക്കുകയാണ്. ഇറങ്ങുന്ന സിനിമകളിൽ കുറച്ചെണ്ണം മാത്രമാണ് നന്നായി ഓടുന്നതെന്നു വരുമ്പോഴും അതു തിയേറ്ററുകാരെയല്ല നിർമ്മാതാക്കളെയാണ് ബാധിക്കുക.

സാമ്പ്രദായികമായി സംഭവിച്ചുകൊണ്ടിരുന്ന മറ്റൊരു കാര്യം, ഒരു സ്ഥലത്ത് ഒരു നല്ല തിയേറ്ററുണ്ടെങ്കിൽ നന്നായി ഓടാൻ ഇടയുള്ള സിനിമ അവിടെ കൊടുക്കാനാണ് നിർമ്മാതാവും വിതരണക്കാരും ഇഷ്ടപ്പെടുക. അങ്ങനെ സ്ഥിരമായി നന്നായി ഓടുന്ന ചിത്രങ്ങളെടുക്കുന്ന വിതരണക്കാർക്കു സ്ഥിരം തിയേറ്ററുകളുണ്ട്. അതിന് അടുത്തുള്ള, അത്രയ്ക്കും നല്ലതല്ലാത്ത തിയേറ്ററുകാരന് ഒരു നല്ല സിനിമപോലും കിട്ടുന്നുണ്ടാകില്ല. അവരുടെ കാര്യം കഷ്ടമായിരിക്കും. "ഞങ്ങൾക്കു കുറേ തിയേറ്ററുകളുണ്ട്. ഒരു തിയേറ്ററിലും നന്നായി കളക്ഷൻ കിട്ടുന്നില്ല, നഷ്ടമാണ്" എന്നു പറയുന്ന തിയേറ്ററുകാരുടെ സംഘടന ലാഭം കിട്ടുന്ന ഒറ്റയാൻമാരുടെ മാത്രം ലാഭം കൊയ്യലും അവർക്കിടയിലെ വർഗ്ഗവ്യത്യാസവും ഇല്ലാതാക്കാൻ സംവിധാനം കൊണ്ടുവരണം.

കോർപ്പറേറ്റുകളുടെ അതേ രീതിയാണിതും. നമുക്കറിയാമല്ലോ, ലുലുമാൾ വന്നപ്പോൾ ആളുകൾ അങ്ങോട്ടുപോയി. തൊട്ടടുത്തുള്ള ചെറുകിട വ്യാപാരികൾക്കു കച്ചവടവും വരുമാനവുമില്ലാതായി. അത്തരം കോർപ്പറേറ്റ്വൽക്കരണം സിനിമാവ്യവസായത്തിലും നിലനിൽക്കുന്നു. അതിപ്പോൾ, മൾട്ടിപ്ലക്സ് വന്നപ്പോ കൂടിപ്പോയി. അവർ എല്ലാ സൗകര്യവും നൽകുന്നുണ്ട്. സീറ്റുകൾ നല്ലതാണ്, എസിയും ശബ്ദവും ചിത്രവുമൊക്കെ മികച്ചതാണ്. അങ്ങനെയുള്ള തിയേറ്ററുകളിലാണ് തുടക്കത്തിൽത്തന്നെ 50:50. പക്ഷേ, കളക്ഷൻ താരതമ്യം ചെയ്യാൻ പറ്റാത്ത വിധമാണ്. അതാണ് വ്യത്യാസം. തിയേറ്ററുകാർ തന്നെ പറയുന്ന ഒരു ഉദാഹരണം പറയാം. ജിലേബി എന്ന സിനിമയ്ക്ക് എറണാകുളം നഗരത്തിലെ ഒരു സാധാരണ തിയേറ്ററിൽ ലഭിച്ച കളക്ഷൻ 80,000 രൂപയാണ്. അതേ സിനിമതന്നെ ലുലുവിന്റെ മൾട്ടിപ്ലക്സായ പി.വി.ആർ തിയേറ്ററിൽ റിലീസ് ചെയ്തു മൂന്നോ നാലോ ആഴ്ച ഓടിയപ്പോൾ എട്ടു ലക്ഷം രൂപ വന്നു. ഒരേ നഗരത്തിൽ ഒരേ സിനിമയുടെ കാര്യത്തിലാണ്

ഇത്. പ്രേക്ഷകർ ആശ്രയിക്കുന്നതു മികച്ച സൗകര്യങ്ങളെയാണ്. മറ്റേ തിയേറ്ററിൽ എൺപതിനായിരമേ കളക്റ്റ് ചെയ്യുള്ളൂ എന്നു പറഞ്ഞിട്ടു കാര്യമില്ല, അവിടെ പടം ഓടാത്തതിനു നമുക്കെന്തു ചെയ്യാൻ പറ്റും? നിർമ്മാതാക്കൾ മൾട്ടിപ്ലക്സിനെ ആശ്രയിക്കുന്നതിനു കുറ്റം പറയാൻ പറ്റില്ല. മൾട്ടിപ്ലക്സുകളുടെ എണ്ണം കൂടുമ്പോൾ നിർമ്മാതാക്കൾ അങ്ങോട്ടു പോകും. അവർക്ക് 50 ശതമാനം കൊടുത്താലും മതി. നിർമ്മാതാവിനു ലാഭം അതാണല്ലോ. എട്ടു ലക്ഷം കളക്ഷനുണ്ടായാൽ നാലു ലക്ഷം വീതം വീതിക്കാമല്ലോ. അക്കാര്യത്തിൽ നിർമ്മാതാവിനെ തടയാൻ ആർക്കും അവകാശമില്ല. പെരുമഴക്കാലവും സെല്ലുലോയ്ഡും ഞാൻ നിർമ്മിച്ച ചിത്രങ്ങളാണ്. എനിക്കു നിർമ്മാതാവിന്റെ ബുദ്ധിമുട്ട് അറിയാം. തിയേറ്ററുകാരുടെ പ്രശ്നം അറിയില്ല എന്നല്ല പറയുന്നത്. നേരത്തേ പറഞ്ഞ പ്രശ്നമുണ്ട് അവർക്ക്. അതു പരിഹരിക്കാൻ, നന്നായി കളക്ഷനുണ്ടായ സിനിമ രണ്ടാഴ്ച ഒരു തിയേറ്ററിൽ ഓടിയിട്ട് അടുത്ത രണ്ടാഴ്ച അടുത്തുള്ള തിയേറ്ററിൽ കൊടുത്തു പരസ്പരം സഹായിക്കാൻ അവർ തയ്യാറാകണം. അങ്ങനെ അവർ വിചാരിക്കുന്നില്ലല്ലോ, അവർക്കിടയിൽ അങ്ങനെയൊരു സോഷ്യലിസം ഇല്ലല്ലോ. പിന്നെ എല്ലാം നിർമ്മാതാവ് തന്നെ സഹിക്കണം എന്നു പറഞ്ഞാൽ എങ്ങനെയാണ്? അതിലെ യുക്തി എനിക്കു മനസ്സിലാകുന്നില്ല. എനിക്കും സമാനമായി മറ്റു പല സംവിധായകർക്കും തോന്നുന്ന കാര്യമാണിത്. അടിസ്ഥാനപരമായി ഞങ്ങളെല്ലാം ആശ്രയിക്കുന്നതു നിർമ്മാതാക്കളെയാണ്. അതാണ് ഇക്കാര്യത്തിൽ അടിവരയിട്ടു പറയേണ്ട കാര്യം. ഒരു ഉൽപ്പന്നം വിൽക്കുന്ന പണി മാത്രമാണ് തിയേറ്ററുകാരുടേത്. ഉൽപ്പന്നം വിപണിയിൽ എത്തിയാലല്ലേ വിൽക്കാൻ പറ്റുകയുള്ളു? അത് ഉണ്ടാക്കുന്നയാൾക്ക് ഒരു വിലയുമില്ലേ? കഥയാലോചിച്ച്, അതിന്റെ സ്ട്രാറ്റജിയുണ്ടാക്കി, സംവിധായകനെയും അഭിനേതാക്കളെയും നിശ്ചയിച്ച്, പണം ചെലവഴിച്ച്... രണ്ടു വർഷമായി ആമി എന്ന സിനിമയുടെ നിർമ്മാതാവും ഞാനും



മോഹൻലാൽ



മമ്മൂട്ടി

അതിന്റെ ടെക്നീഷ്യൻസുമെല്ലാം ആ സിനിമയുടെ പുറകെയാണ്. സാമ്പത്തികമായും ക്രിയേറ്റീവുമായ ഇടപെടലുകളാണ് അത്. അഞ്ചോ ആറോ കോടി മുടക്കി സിനിമ നിർമ്മിക്കുന്ന നിർമ്മാതാവിന് അയാളുടെ പ്രോഡക്റ്റിനുമേൽ യാതൊരു നിയന്ത്രണവുമില്ലെന്നു വന്നാൽ എങ്ങനെയാണ്. ഒരു ഉൽപ്പന്നം കൊണ്ടുചെന്നു സൂപ്പർമാർക്കറ്റിൽ വിൽക്കുമ്പോൾ ആ സൂപ്പർമാർക്കറ്റുകാർക്ക് 50 ശതമാനം കൊടുക്കണമെന്നു പറയുന്നതുപോലെയാണിത്. അങ്ങനെയൊരു സൂപ്പർമാർക്കറ്റിന്റെ റോളേയുള്ളു തിയേറ്ററിന്. സൂപ്പർമാർക്കറ്റിലും എസി ഉണ്ട്. പക്ഷേ, അവിടെ വിൽക്കുന്ന സാധനം നല്ലതാണെങ്കിൽ മാത്രമേ ആളുകൾ വാങ്ങുകയുള്ളു. അതു നല്ലതാകുന്നതിന്റെ ഉത്തരവാദിത്വം ആർക്കാണ്, സൂപ്പർമാർക്കറ്റുകാരനാണോ? അവിടെയാണ് യോജിക്കാൻ പറ്റാത്തത്. ഇവർ പറയുന്ന ഇക്കണോമിക്സിനോടു യോജിക്കാൻ പറ്റില്ല. ഒറ്റവാക്കിൽ പറഞ്ഞാൽ ഇതു നിരുത്തരവാദിത്വമാണ്.

*ഇടയ്ക്കിടെ ഇത്തരം പ്രതിസന്ധികൾ പലവിധത്തിൽ ഉണ്ടാകുന്നു. മുൻപു വൈഡ് റിലീസിംഗിന്റെ പേരിലായിരുന്നു പ്രശ്നം?*

ഇത് ഇന്നും ഇന്നലെയും തുടങ്ങിയ പ്രശ്നമല്ല. എത്രയോ വർഷങ്ങളായി ഈ ശീതസമരം പലവിധത്തിൽ തുടർന്നുകൊണ്ടിരിക്കുകയാണ്. കാലത്തിനനുസരിച്ചു കുറേ മാറ്റങ്ങൾ വന്നു, വീഡിയോ പൈറസി ഉൾപ്പെടെയുള്ള വെല്ലുവിളികൾ ഈ രംഗത്തുണ്ടായി. എ,ബി,സി എന്ന വ്യത്യാസങ്ങൾ ഇല്ലാതായി. ഗ്രാമങ്ങളിലെ സി ക്ലാസ് തിയേറ്ററിൽ പോയി ആളുകൾ സിനിമ കാണാതായപ്പോൾ അവ പലതും പൂട്ടുകയോ കല്യാണമണ്ഡപങ്ങളാക്കുകയോ ചെയ്തു. ബി ക്ലാസ് പോലും നന്നാക്കി, എ.സി ചെയ്തു നേരത്തേയുള്ള എ ക്ലാസ് തിയേറ്ററുകളേക്കാൾ ഗംഭീരമാക്കി. അങ്ങനെ വന്നപ്പോഴാണ് അവർക്കും റിലീസ് വേണമെന്നു വന്നതും വൈഡ് റിലീസ് ഉണ്ടായതും. വൈഡ് റിലീസ് പാടില്ലെന്നും തങ്ങൾക്കു മാത്രം റിലീസ് ചെയ്യണമെന്നും പറഞ്ഞ് ഇവർ പ്രശ്നമുണ്ടാക്കി. കുത്തകവൽക്കരണത്തിന്റെ അതിശക്തമായ ഒരു പ്രശ്നമാണ് അന്ന് ഉണ്ടായത്. അന്നും ഇതുപോലെ തിയേറ്ററുകൾ അടച്ചിട്ടു, അതിനെതിരെ നിർമ്മാതാക്കൾ സമരം ചെയ്തു. ഒടുവിൽ സർക്കാർ ഇടപെട്ടിട്ടാണ് തിയേറ്ററുകൾക്കു ക്ലാസ്സിഫിക്കേഷൻ കൊണ്ടുവരാൻ തീരുമാനിച്ചത്. കെ.ബി. ഗണേഷ്കുമാറായിരുന്നു അന്നു സിനിമാ മന്ത്രി. തിയേറ്ററുകൾ നവീകരിക്കാനും നല്ല തിയേറ്ററുകളിൽ റിലീസ് കൊടുക്കാനുമുള്ള ധാരണയാണ് ഉണ്ടായത്. എന്നിട്ടുപോലും ഈ എക്സിബിറ്റേഴ്സ് ഫെഡറേഷന്റെ ധാർഷ്ട്യംകൊണ്ടു പലയിടത്തും ഇപ്പോഴും റിലീസ് കൊടുക്കുന്നില്ല. തങ്ങളുടെ തിയേറ്ററുകളിൽ റിലീസ് തരൂ എന്ന് ആവശ്യപ്പെട്ട് അത്തരം തിയേറ്ററുകാരുടെ സംഘടന നിർമ്മാതാക്കളെ സമീപിക്കുന്നുണ്ട്. എന്നാൽ കച്ചവടക്കാരുടെ കടുംപിടു

ത്തിന്റെ പേരിൽ ഒരു വ്യവസായം മുഴുവൻ സ്തംഭിക്കുന്ന സ്ഥിതിയാണു ള്ളത്. പക്ഷേ, ഇതിന്റെ ബലിയാടു കളാകുന്നതു കച്ചവടക്കാർ മാത്രമല്ല. അതാണ് ഞങ്ങൾ കലാകാരന്മാരു ടെ പ്രശ്നം. ഞങ്ങളുടെ തൊഴിൽ നിഷേധിക്കുന്നു. ക്രിസ്തുമസ് അവ ധിക്കാലത്തു റിലീസ് ചെയ്യേണ്ട പട ങ്ങൾ അപ്പോൾ റിലീസ് ചെയ്യാതെ പിന്നൊരിക്കൽ റിലീസ് ചെയ്താൽ ഇപ്പോഴത്തെയത്ര ഫലം ഉണ്ടാകണം എന്നില്ല. ഒരു സംവിധായകന്റെയോ എഴുത്തുകാരന്റെയോ നിർമ്മാതാവി ന്റെയോ താരത്തിന്റെയോ വിധി നിർ ണയിക്കുന്ന സിനിമകളായിരിക്കാം ഇവ. ജോമോന്റെ സുവിശേഷങ്ങളു ടെ നിർമ്മാതാവ് സേതു മണ്ണാർക്കാട് എത്രയോ വർഷങ്ങളായി പ്രൊഡ ക്ഷൻ കൺട്രോളർ ആയിരുന്നിട്ട് അദ്ദേഹത്തെ രക്ഷപ്പെടുത്താൻ സത്യൻ അന്തിക്കാടും വിതരണ ക്കാരും മറ്റെല്ലാവരും കൂടി സഹായി ച്ചിട്ടാണ് നിർമ്മാതാവായത്. ഇങ്ങനെ സിനിമയുമായി ബന്ധപ്പെട്ട നിരവധി യാളുകളുടെ അധ്വാനത്തിനു വില യില്ലാതെ വെല്ലുവിളിക്കുന്ന സമീപ നമാണ് ഫെഡറേഷന്റേത്. ഞാൻ ഈ അഭിപ്രായം ഒരിടത്തും പരസ്യ മായി പറഞ്ഞിട്ടില്ല. മന്ത്രി വിളിച്ച യോഗത്തിലും ചലച്ചിത്ര അക്കാദമി ചെയർമാൻ എന്ന നിലയിൽ മൗനം പാലിക്കുകയാണ് ചെയ്തത്. പക്ഷേ, മന്ത്രിയെയും ധിക്കരിച്ചാണ് എക്സിബി റ്റേഴ്സ് ഫെഡറേഷന്റെ ആളുകൾ ഇറങ്ങിപ്പോയത്.

മന്ത്രി മുന്നോട്ടുവച്ചതു വളരെ നല്ല ഒരു പ്രപ്പോസലായിട്ടാണ് എനിക്കു തോന്നുന്നത്. ഇപ്പോൾ സ്റ്റാറ്റസ്കോ നിലനിർത്താം, റിലീസ് ചെയ്യട്ടെ, ഒരു കമ്മിഷനെ വച്ചു റിപ്പോർട്ട് വാങ്ങി തുടർ നടപടികൾ സ്വീകരിക്കാം എന്നായിരുന്നു അത്. നിലവിലെ സ്ഥിതി നിലനിർത്തിക്കൊണ്ടാണ ല്ലോ ഏതു കാര്യത്തിലെയും ചർച്ച. അല്ലാതെ അവർ പറയുന്നതുപോ ലെ വിഹിതം കൂട്ടിക്കൊടുത്താൽ പിന്നെ ചർച്ചയുടെ ആവശ്യമില്ലല്ലോ. പിന്നെ മന്ത്രിയുടെ മധ്യസ്ഥതയുടെ പ്രസക്തിയെന്താണ്. ആദ്യം അനു പാതം വർധിപ്പിച്ചുകൊടുക്കുക,പി ന്നെ ചർച്ചയാകാം എന്ന നിലപാടി ന്റെ യുക്തി മനസ്സിലാകുന്നില്ല.

*എക്സിബിറ്റേഴ്സ് ഫെഡറേഷനി ലെ ചില നേതാക്കളുടെ ധാർ ഷ്ട്യം അകൽച്ച രൂക്ഷമാക്കുന്ന തിൽ പങ്കുവഹിക്കുന്നു എന്ന വിമർശനമുണ്ട്?*

ഞാൻ ഒരു വ്യക്തിയെ കുറ്റം പറ യുന്നില്ല. പക്ഷേ, കഴിഞ്ഞ കുറേക്കാ ലമായി ഇവരുടെ നേതൃത്വത്തിൽ അദ്ദേഹമാണ്. ഇതിനു മുൻപും അദ്ദേഹം എടുത്തിട്ടുള്ളതും ഞങ്ങ ളുടെ ഭാഗത്തുനിന്നു നോക്കുമ്പോൾ ഇതുപോലുള്ള ഉട്ടോപ്യൻ തീരുമാ നങ്ങളാണ്. നേതൃത്വത്തിന്റെ ഭാഗ ത്തു തെറ്റുണ്ടായാൽ അതു തിരുത്തേ ണ്ടതും പുന:പരിശോധിക്കേണ്ടതും ആ സംഘടനയാണ്. അവർ പുന:പ രിശോധിക്കണം, ഈ സംഘടനയെ നന്നായി നയിക്കാൻ അദ്ദേഹത്തിനു കഴിയുന്നുണ്ടോ, അദ്ദേഹത്തെ നേതൃ സ്ഥാനത്ത് ഇരുത്തണോ എന്ന്. എത്ര യോ കൊല്ലങ്ങളായി അദ്ദേഹം ആ സംഘടനയുടെ തലപ്പത്തിരുന്നു വി ടുവായത്തം വിളിച്ചുപറയുകയാണ്.

*പ്രദർശിപ്പിച്ചുകൊണ്ടിരുന്ന സി നിമകൾകൂടി പിൻവലിച്ചതും പ്ര ശ്നം രൂക്ഷമാക്കിയില്ലേ?*

അതൊരു സമ്മർദതന്ത്രത്തിന്റെ ഭാഗമാണ്. അവധിക്കാലത്തുതന്നെ പ്രതിഷേധം ഉയർത്തി വിഹിതം കൂ ട്ടിക്കിട്ടണമെന്ന് ആവശ്യപ്പെട്ടതു മറ്റവരുടെ സമ്മർദതന്ത്രമാണല്ലോ. വേറെ ഏതെങ്കിലും സമയത്ത് ഇതു ചോദിക്കാമായിരുന്നു അവർ ക്ക്. ഒരുതരം ബ്ലാക്മെയിലിംഗാണ് അവർ സ്വീകരിച്ചത്. അതിനുള്ള മറുമരുന്നായിരിക്കും ഓടിക്കൊണ്ടി രുന്ന പടങ്ങൾ കൂടി പിൻവലിച്ചത്. അതു നിർമ്മാതാക്കളുടെ സംഘടനാ തീരുമാനമാണ്. ഞാൻ അഭിപ്രായം പറയുന്നില്ല.

*50:50 എന്ന ആവശ്യത്തോടു പൊതുവേ സംവിധായകരുടെ നിലപാട് എന്താണ്?*

ഞാൻ സംസാരിച്ചിടത്തോളം നിർമ്മാതാക്കളുടെ ഭാഗത്തു ന്യായ മുണ്ടെന്ന നിലയിലാണ് സംവിധാ യകരുടെ പൊതുവായ നിലപാട്. കാരണം, തിയേറ്ററിൽനിന്നു കിട്ടുന്ന വരുമാനമല്ലാതെ നിർമ്മാതാക്കൾക്കു വേറെ വരുമാനമില്ല. ഇപ്പോൾ പഴ യതുപോലെ സാറ്റലൈറ്റ് പോകു ന്നില്ല. സിനിമ ഓടുമ്പോൾ കിട്ടുന്ന കളക്ഷൻ മാത്രമല്ല തിയേറ്ററുകാരുടെ വരുമാനം. റിസർവേഷൻ ചാർജ്ജ് ഒരു ഉദാഹരണം. പല തിയേറ്ററു കളും പത്തു മുതൽ 15 രൂപ വരെ വാങ്ങുന്നുണ്ട്. മൾട്ടിപ്ലക്സിനുമുണ്ട് അത്. അവിടെ പ്രേക്ഷകന് ഓൺ ലൈനിലും മറ്റു തിയേറ്ററുകളിൽ ഫോണിൽ വിളിച്ചുപറഞ്ഞുമാണ് ബുക്കിംഗ് എന്ന വ്യത്യാസമേയുള്ളൂ. ഓൺലൈനിൽ റിസർവേഷൻ ചാർജ്ജ്കൂടി അപ്പോൾത്തന്നെ കൊടുക്കണം. ഫോണിൽ ബുക്ക് ചെയ്യുന്നവർ അവിടെച്ചെന്നു ടിക്ക റ്റ് വാങ്ങുമ്പോൾ റിസർവേഷൻ ചാർജ്ജ് കൂടിയാണ് ഈടാക്കുന്നത്. ഇതിൽ ഒരു നയാ പൈസപോലും നിർമാതാക്കൾക്കു കിട്ടുന്നില്ല. പ്രേക്ഷകർ റിസർവ് ചെയ്യുന്നത് ആ സിനിമ കാണാനാണല്ലോ. അല്ലാതെ നിങ്ങളുടെ തിയേറ്ററിൽ ഏതു പടം കളിച്ചാലും ഞായറാഴ്ച ഞാൻ വന്നു കണ്ടുകൊള്ളാം എന്നു പ്രേക്ഷകനു തിയേറ്ററുകാരനോടു ബാധ്യത ഇല്ല. അതിന്റെ പങ്ക് ഒരു നിർമ്മാതാവും ഇതുവരെ ചോദിച്ചിട്ടുമില്ല. കാർ പാ ർക്കിംഗ് ചാർജ്ജും പല തിയേറ്ററു കാരും വാങ്ങുന്നുണ്ട്. ആ സിനിമയ് ക്കുവേണ്ടിയാണ് അത്രയും കാറുകൾ അന്ന് അവിടെ വരുന്നത്. പുതിയ പ്രതിസന്ധികൾ ഉണ്ടാകുന്നത് ഒഴി വാക്കാൻ അതിന്റെ പേരിലും അവ കാശവാദം ഉന്നയിക്കാറില്ല. സർവ്വീസ് ചാർജ്ജ് എന്ന പേരിൽ വാങ്ങുന്ന രണ്ടു രൂപ തിയേറ്ററുകാർക്കു മാ ത്രം നേരിട്ടു പോകുന്നതാണ്. അതു തിയേറ്റർ സംരക്ഷിക്കാനാണ്. അപ്പോൾ, തിയേറ്റർ മെയിന്റനൻസി നുള്ള പണവും പ്രേക്ഷകരിൽനിന്ന് ഈടാക്കുകയാണ്. അതുപോലും അവരുടെ ഉത്തരവാദിത്വമല്ല. പി ന്നെയാകെ ചെലവുള്ളതു ജീവന ക്കാരുടെ ശമ്പളവും വൈദ്യുതിനിര ക്കുമാണ്. ഇപ്പോൾ പണ്ടത്തെയത്ര ജീവനക്കാരില്ല. പൂർണമായും ഡിജി റ്റൽ പ്രൊജക്ഷനായതുകൊണ്ട് ഒരു പ്രൊജക്റ്റ് ഓപ്പറേറ്റർ മതി. മുൻപു മൂന്നും നാലും ആളുകൾ വേണമായി രുന്നു. പിന്നെ വേണ്ടതു ടിക്കറ്റ് കീറു ന്നയാളും മാനേജരുമാണ്. തിയേറ്റർ ഒറ്റത്തവണ നിക്ഷേപമാണ്. നശി ച്ചുപോകില്ല. സിനിമാ നിർമ്മാണം അങ്ങനെയല്ല. ഒരു തവണ നിക്ഷേ

പിക്കുന്നത് ആ സിനിമയ്ക്കുവേണ്ടിയാണ്. പഴം പോലെയാണ്, അപ്പോൾ ഉപയോഗിച്ചില്ലെങ്കിൽ ചീഞ്ഞുപോകും. വേണ്ട സമയത്തു റിലീസ് ചെയ്തു നേട്ടമുണ്ടായില്ലെങ്കിൽ അതു വെയ്സ്റ്റാണ്.

*സർക്കാർ ഒരുവട്ടം ചർച്ച നടത്തി നിർദ്ദേശം വച്ചെങ്കിലും തിയേറ്ററുകാർ നിഷേധാത്മക സമീപനം സ്വീകരിച്ചപ്പോൾ നിലപാടു കർക്കശമാക്കിയില്ല എന്ന ആക്ഷേപം ഉയരുന്നുണ്ടോ. സർക്കാർ നോക്കുകുത്തിയാകുന്നു എന്ന്?*

സർക്കാരിന് ഏതെങ്കിലും ഒരു ഭാഗത്തിനുവേണ്ടി നടപടിയെടുത്തു എന്നു വരുന്ന വിധത്തിൽ പ്രവർത്തിക്കാൻ സ്വാഭാവികമായും പരിമിതിയുണ്ടാകും. കാലങ്ങളായി നിലനിൽക്കുന്ന സംവിധാനങ്ങളാണല്ലോ. അതുകൊണ്ടാണ് ഫലപ്രാപ്തി ഉണ്ടാകുന്ന ഒരു ആശയം സർക്കാർ മുന്നോട്ടുവച്ചത്. മന്ത്രി പറയുന്നതു വൈദ്യുതി മേഖലയിലും മറ്റും ഉള്ളതുപോലെ ഒരു റഗുലേറ്ററി കമ്മിഷനെക്കുറിച്ചാണ്. അങ്ങനെയൊരു സ്ഥിരം സംവിധാനമുണ്ടെങ്കിൽ കാലോചിതമായി ടിക്കറ്റ് നിരക്കു പരിഷ്കരണവും വിഹിതത്തിന്റെ കാര്യത്തിലെ തർക്കങ്ങളും തിയേറ്ററുകാരും നിർമ്മാതാക്കളും മറ്റുമായി ബന്ധപ്പെട്ട മറ്റു പ്രശ്നങ്ങൾ പരിഹരിക്കലുമൊക്കെ അതിനു നിർവ്വഹിക്കാൻ പറ്റും. എപ്പോഴും മന്ത്രി നേരിട്ട് ഇടപെടേണ്ടി വരില്ല. ഇപ്പോഴത്തെ തർക്കം പരിഹരിക്കാൻ താൽക്കാലികമായി ഒരു കമ്മിഷനെ വയ്ക്കുകയും പിന്നീടു സ്ഥിരം സംവിധാനം ഉണ്ടാക്കുകയും ചെയ്യുകയാണ് സർക്കാർ തലത്തിലുള്ള ആലോചന.

*50 ദിവസത്തിനുള്ളിൽ രണ്ടാമത്തെ വലിയ പ്രതിസന്ധിയാണ് ഇപ്പോഴത്തേത്. നോട്ട് അസാധുവാക്കലിനെത്തുടർന്നു തിയേറ്ററുകളിൽ തിരക്കു കുറഞ്ഞു. ഇപ്പോൾ ഇതും. സിനിമ മുഴുവൻ കണക്കിൽപ്പെടാത്ത പണത്തെ ആശ്രയിച്ചു നടക്കുന്ന വ്യവസായമാണെന്നും അതിന്റെ സ്വാഭാവിക ഫലമാണ് ഇപ്പോഴത്തേത് എന്നും ഒരു വാദമുണ്ട്. സിനിമാ മേഖലയിൽ എത്രത്തോളം സത്യസന്ധമാണ് കാര്യങ്ങൾ?*

സിനിമയിൽനിന്നുതന്നെയുണ്ടാക്കുന്ന പണം ഇവിടെത്തന്നെ നിക്ഷേപിക്കുന്ന രീതിയാണ് മുൻപൊക്കെ ഉണ്ടായിരുന്നത്. ചിലപ്പോൾ നിർമ്മാതാവിനു നഷ്ടം വരും. അങ്ങനെ നഷ്ടം വരുമ്പോൾ മുൻപൊക്കെ താരങ്ങൾ ഉൾപ്പെടെ സഹായിക്കുമായിരുന്നു. പ്രേംനസീറിന്റെയൊക്കെ കാലത്തു സ്ഥിരം ബാനറുകൾക്കു നഷ്ടം വന്നാൽ അടുത്ത പടത്തിനു താരങ്ങൾ അത്തരം സഹായം ചെയ്തിരുന്നു. ലാഭവും നഷ്ടവും മാറിമാറി വരും. ലാഭം കിട്ടുമ്പോൾ നഷ്ടം നികത്തും. തുടർച്ചയായി പടങ്ങൾ പൊട്ടിയ പലരെയും പ്രേംനസീർ അങ്ങനെ സഹായിച്ചിട്ടുണ്ട്. നിങ്ങൾ പടം നിർമ്മിക്കൂ, പിന്നീടു പണം കിട്ടുമ്പോൾ തന്നാൽ മതി എന്നു നസീർസാർ അങ്ങോട്ടു വിളിച്ചു പറയുമായിരുന്നു. പടം ചെയ്തുകൊടുക്കാൻ സംവിധായകരോടും സഹകരിക്കണമെന്നു സഹതാരങ്ങളോടും പറയുമായിരുന്നു. ഞങ്ങളൊക്കെ സിനിമയിൽ വന്നകാലത്തും അതായിരുന്നു സ്ഥിതി. വളരെ സൗഹാർദ്ദപരമായി കൊടുക്കൽ വാങ്ങലിന്റെ അന്തരീക്ഷത്തിൽ മുന്നോട്ടു പൊയ്ക്കൊണ്ടിരുന്ന വ്യവസായമായിരുന്നു മലയാള സിനിമ. എൺപതുകളുടെ തുടക്കം വരെ ഇതായിരുന്നു സ്ഥിതി. പിൽക്കാലത്തു കാര്യങ്ങൾക്കു മാറ്റം വരുകയും പുറത്തുനിന്ന് എൻ.ആർ.ഐകൾ സിനിമയിൽ പണം മുടക്കാൻ വരികയും ചെയ്തു. 'ടൂറിസ്റ്റ് പ്രൊഡ്യൂസർമാർ' ആയി പല നിർമ്മാതാക്കളും മാറി. കുറേ പണവുമായി വരിക, കുറച്ചു പേരൊക്കെ ഉണ്ടാക്കുക, അതിൽ അഭിരമിക്കുക, തിരിച്ചുപോവുക എന്നതായി രീതി. പണം പോയാലും അവർക്കു പ്രശ്നമില്ല. ഈ ടൂറിസ്റ്റ് നിർമ്മാതാക്കൾ കൂടിയപ്പോഴാണ് താരങ്ങളുൾപ്പെടെ എല്ലാവർക്കും വിലപേശൽ കപ്പാസിറ്റി വർധിച്ചത്. താരങ്ങൾ അവരുടെ താരമൂല്യം വിറ്റു കാശാക്കാൻ തുടങ്ങി. അവർ പ്രതിഫലം വർധിപ്പിച്ചു. ആർക്കും ആരോടും ഒരു കടപ്പാടുമില്ലാതായി. സ്ഥിരം നിർമ്മാതാക്കൾക്കു പടം ചെയ്യാൻ പറ്റാത്ത അവസ്ഥ വന്നു. അവരേക്കാൾ താരങ്ങൾക്കും സംവിധായകർക്കുമെല്ലാം താല്പര്യം ടൂറിസ്റ്റ് നിർമ്മാതാക്കളോടായി. കൂടുതൽ പണം കിട്ടുമല്ലോ. ഇപ്പോഴും അങ്ങനെ നിക്ഷേപിക്കാൻ ഒരുപാടാളുകൾ വന്നുകൊണ്ടിരിക്കുന്നുണ്ട്. ഇവർ കള്ളപ്പണവുമായി വരുന്നയാളാണോ അല്ലാത്തയാളാണോ എന്നു സംവിധായകനോ അഭിനേതാക്കൾക്കോ നോക്കേണ്ട കാര്യമില്ല. അയാളുടെ സ്രോതസ് കണ്ടുപിടിക്കുന്നതു ഞങ്ങളുടെ ഉത്തരവാദിത്വമല്ല. നിക്ഷേപം നടത്താൻ വരുന്നയാളുടെ പണം കള്ളക്കടത്തു നടത്തി ഉണ്ടാക്കിയതാണോ എന്നു നോക്കാൻ പറ്റില്ല. എങ്ങനെ നോക്കും? ഞങ്ങൾ ചോദിക്കുന്ന പണം അവർ വൈറ്റ് മണിയായി തരുന്നുണ്ടോ എന്നു നോക്കുകയും അതിന് വരുമാന നികുതി കൃത്യമായി കൊടുക്കുകയും ചെയ്യുകയാണ് ഞങ്ങൾക്കു ചെയ്യാൻ കഴിയുന്ന കാര്യം. കള്ളപ്പണം ഇല്ലെന്നു ഞാൻ പറയുന്നില്ല. ഒരുപാടുപേർ സിനിമയിൽ നിക്ഷേപിച്ചു കള്ളപ്പണം വെളുപ്പിക്കാനൊക്കെ വന്നിരുന്ന ഒരു കാലഘട്ടമുണ്ട്, ഇപ്പോഴുമുണ്ട്, ഇനിയുമുണ്ടാകും. അതിനു കുറേയെങ്കിലും തടയിടാൻ ചെയ്യാവുന്ന കാര്യം വൈറ്റ് മണി വാങ്ങുന്ന നിലയിലേക്കു താരങ്ങളും സാങ്കേതിക പ്രവർത്തകരും മറ്റും മാറുകയെന്നതാണ്. മുംബൈയിൽ സിനിമാ വ്യവസായം മുഴുവൻ ഇപ്പോൾ അങ്ങനെ മാറിയിരിക്കുകയാണ്. ഷാരൂഖ് ഖാനും മറ്റും പ്രതിഫലം മുഴുവൻ വൈറ്റായിട്ടാണ് വാങ്ങുന്നത്. അതിന് അദ്ദേഹം സേവന നികുതിയും വരുമാന നികുതിയുമെല്ലാം കൊടുക്കുന്നു. അത് ഇവിടെ വന്നു തുടങ്ങുന്നതേയുള്ളൂ. കാരണം, ഇവിടെ താരങ്ങൾ വാങ്ങുന്ന പ്രതിഫലം ആനുപാതികമായി നോക്കുമ്പോൾ കൂടുതലാണ്. ഉദാഹരണത്തിന്, നൂറു കോടി മുടക്കുന്ന സിനിമയ്ക്കാണ് ഒരു വലിയ ഹിന്ദി താരം ഇരുപത്തിയഞ്ച് കോടി പ്രതിഫലം വാങ്ങുന്നത്. നാലിലൊന്ന്. അതേസമയം ഇവിടെ നമ്മൾ ഏഴു കോടി മുടക്കി പടം നിർമ്മിക്കുന്നുണ്ടെങ്കിൽ ഒരു സൂപ്പർ താരം അതിന്റെ പകുതി പ്രതിഫലമായി വാങ്ങുന്നുണ്ട്. ഇത് ആനുപാതികമല്ല, കൂടുതലാണ്.

ഇതാണ് യഥാർത്ഥ സ്ഥിതി. നമ്മൾ നോക്കുമ്പോൾ അവിടെ ഇരുപത്തിയഞ്ചു കോടി വാങ്ങുന്നുണ്ട്. ശരിയാണ്. പക്ഷേ, അവിടെ ചെലവും കൂടുതലാണ്. അതു പറയുന്നില്ല. ഇവിടെ പലപ്പോഴും പ്രതിഫലം വൈറ്റ് മണിയായി വാങ്ങാത്തത് അതുകൊണ്ടാണ്. താരങ്ങൾ മാത്രമല്ല, എല്ലാവരും.

*താങ്കൾ സംവിധായകനായിട്ടു മുപ്പതു വർഷമായി. 1986-ൽ മിഴിനീർപ്പൂവുകൾ ചെയ്തത് മോഹൻലാലിനെ നായകനാക്കിയാണ്. 1998-ൽ അയാൾ കഥയെഴുതുകയാണ് വരെ മോഹൻലാലും താങ്കളും ഒന്നിച്ചാണു നീങ്ങിയത്. ഇനിയൊരു ലാൽ ചിത്രം ഇല്ലെന്നാണോ?*

ഇതിനിടയിലാണ് 2000-ൽ മോഹൻലാലിനെ വച്ച് ഉദ്ദേശിച്ച ചക്രം എന്ന സിനിമ നടക്കാതെ പോയത്. ഇടക്കാലത്തു ഞാൻ മോഹൻലാലിനെവച്ച് ഒന്നുരണ്ടു സിനിമകൾ ആലോചിച്ചിരുന്നു, അദ്ദേഹവും അതുമായി ബന്ധപ്പെട്ടിരുന്നു. പക്ഷേ, പിന്നീടതു കൃത്യമായി മുന്നോട്ടു പോയില്ല. സബ്ജക്റ്റ് ശരിയായി കിട്ടിയില്ല. മോഹൻലാൽ അപ്പോഴേക്കും... എനിക്കു ഒരു വലിയ ബലഹീനതയുണ്ട്. ഒരു സൂപ്പർതാരത്തെ ഉപയോഗിക്കാൻ അറിയില്ല, സൂപ്പർതാരത്തിന്റെ താരപ്പകിട്ടിനെ ഉപയോഗിക്കാൻ അറിയില്ല. എന്റെ സിനിമകൾ നോക്കുന്നവർക്ക് അതു മനസ്സിലാകും. ഞാനൊരിക്കലും മോഹൻലാലിനെ ഒരു മീശ പിരിക്കുന്ന, അല്ലെങ്കിൽ സൂപ്പർതാര പ്രതിച്ഛായയിലേക്കു കൊണ്ടുവരുന്ന കഥാപാത്രമായി അവതരിപ്പിച്ചിട്ടില്ല. മോഹൻലാലിനും അദ്ദേഹത്തിന്റെ പ്രേക്ഷകർക്കും ഇപ്പോൾ ആവശ്യം അങ്ങനത്തെ സിനിമയാണെങ്കിൽ അക്കാര്യത്തിൽ ഞാൻ നിസ്സഹായനാണ്. എനിക്കു പറ്റില്ല. എന്നെപ്പോലെ പല സംവിധായകരുമുണ്ട്. ആ രീതിയിൽ അദ്ദേഹം എനിക്ക് ഇപ്പോൾ അപ്രാപ്യനാണ് എന്നാണെനിക്കു തോന്നുന്നത്. 'രാജമാണിക്യം' വന്ന സമയത്താണ് മമ്മൂട്ടിയെ ഡീ ഗ്ലാമറൈസ് ചെയ്തു ഞാൻ 'കറുത്ത പക്ഷികൾ' ചെയ്തത്. അദ്ദേഹത്തിന്റെ കൂടി താല്പര്യം അതിലുള്ളപ്പോഴാണ് അതു സാധിക്കുന്നത്. മമ്മൂട്ടിയെവച്ചു ഞാനെടുത്ത ഒരു സിനിമയിൽപ്പോലും അദ്ദേഹത്തിന്റെ താരമൂല്യത്തെ ഞാൻ ഉപയോഗപ്പെടുത്തിയിട്ടില്ല. അത് എന്റെ കഴിവുകേടായാണ് ഞാൻ കാണുന്നത്.

*അതൊരു കഴിവുകേടാണോ?*

താരത്തിനെ ഉപയോഗിക്കാൻ എനിക്കു കഴിയുന്നില്ലെന്നും അതെന്റെ കഴിവുകേടാണെന്നും അദ്ദേഹത്തിന്റെ ആരാധകർക്കു തോന്നാം. അതാണു ഞാനുദ്ദേശിച്ചത്.

*മാധവിക്കുട്ടിയും കമലാ സുരയ്യയും മലയാളികൾക്കു രണ്ടല്ല, ഒന്നുതന്നെയാണ്. അവരുടെ എഴുത്തുജീവിതമാണോ അതോ സാമൂഹ്യജീവിതമാണോ ആമി എന്ന ചിത്രത്തിലൂടെ പറയാൻ ശ്രമിക്കുന്നത്?*

മാധവിക്കുട്ടിയുടെ എഴുത്തുജീവിതവും വ്യക്തിജീവിതവും ഇടകലർത്തിത്തന്നെയാണ് ആമി എന്ന സിനിമ ചെയ്യാൻ ഉദ്ദേശിക്കുന്നത്. എങ്കിൽ മാത്രമേ മാധവിക്കുട്ടി പൂർണമാവുകയുള്ളൂ. എഴുത്തുജീവിതം മാത്രമായി ചെയ്യുകയാണെങ്കിൽ, എഴുത്തിൽ ഒരുപാടു കള്ളം പറഞ്ഞിട്ടുണ്ട് അവർ. ഞാനെഴുതിയതു പലതും കള്ളമാണെന്ന് അവർ തന്നെ പറഞ്ഞിട്ടുണ്ട്. ഭാവന എന്നത് ഒരുതരം കള്ളമാണല്ലോ. അവർ മാത്രമല്ല, ഏത് എഴുത്തുകാരും രചനയെ വായനക്കാരന് ഇഷ്ടമുള്ളതാക്കാൻ അങ്ങനെയാണ് ചെയ്യുന്നത്. അതാണല്ലോ ഫിക്ഷൻ. ആ എഴുത്തുജീവിതത്തെ മാധവിക്കുട്ടി സ്വന്തം വ്യക്തിജീവിതവുമായി ഒരുപാടു കൂട്ടിച്ചേർക്കാൻ ശ്രമിച്ചിട്ടുണ്ട്. എന്റെ കഥ എന്ന രചനയിലൊക്കെ അതാണ് ഉണ്ടായിട്ടുള്ളത്. എന്റെ ജീവിതം ഞാൻ ഫിക്ഷനായാണ് എഴുതിയതെന്നു പിൽക്കാലത്ത് അവർ പറഞ്ഞു. അതിൽ ഏതാണ് സത്യം, ഏതാണ് നുണ എന്നതിനേക്കുറിച്ചു നമുക്കാർക്കും ഒരറിവുമില്ല. അവർക്കു മാത്രം അറിയാവുന്ന കാര്യമാണ് അത്. വ്യക്തിജീവിതത്തെ മാറ്റിനിർത്തിയിട്ട് എഴുത്തുജീവിതം മാത്രം സിനിമയാക്കാൻ പറ്റില്ല. തിരിച്ചും പറ്റില്ല. എഴുത്തുജീവിതം മാറ്റിനിർത്തിയിട്ടു വ്യക്തിജീവിതം സിനിമയാക്കുമ്പോഴും മാധവിക്കുട്ടിയെ കൃത്യമായി പോർട്രെയ്റ്റു ചെയ്യാൻ പറ്റില്ല. ഞാൻ മനസ്സിലാക്കുന്ന മാധവിക്കുട്ടിയുടെ രണ്ടു കാലഘട്ടങ്ങളിലെ ജീവിതമാണ് അവരെ നമ്മളുമായി അടുപ്പിക്കുന്നത്. ഒന്ന്, എന്റെ കഥ എന്ന ആത്മകഥയുമായി ബന്ധപ്പെട്ട കാലം, കേരളത്തിന്റെ സാമൂഹിക ജീവിതത്തിലും വ്യക്തിജീവിതത്തിലും ആളുകൾക്കിടയിൽ വലിയ സ്വാധീനം ചെലുത്തിയ കാലമാണ് അത്. നെഗറ്റീവാകാം, പോസിറ്റീവാകാം. പക്ഷേ, വിപ്ലവാത്മകമായ ഒരു സ്വാധീനമാണ് അവർ ചെലുത്തിയത്. സ്ത്രീ എന്ന നിലയിൽ അന്നുവരെ ആരും കാണിക്കാത്ത തുറന്നു പറച്ചിലിന്റെയും തുറന്നെഴുത്തിന്റെയും രീതിയുടെ തുടക്കം അവരിൽനിന്നായിരുന്നു. പിൽക്കാലത്ത് അവരെ പിന്തുടർന്നു പലരും വന്നു. അങ്ങനെയൊരു എഴുത്തുകാരി ഇന്ത്യൻ സാഹിത്യത്തിൽ വേറെയില്ല. പിന്നെ, അവരുടെ ഓർമ്മകളിൽ വരുന്ന കുട്ടിക്കാലമാണ്. നീർമാതളം പൂത്ത കാലം, ബാല്യകാലസ്മരണകൾ എന്നിവ പോലുള്ള മനോഹരമായ രചനകൾ വന്നിട്ടുള്ളത് അവരുടെ കുട്ടിക്കാലത്തിന്റെ ഓർമ്മകളിലാണല്ലോ. അതും അവരുടെ ജീവിതത്തിലെ ഒരു ഘട്ടമാണ്. സമകാലിക മലയാളി ജീവിതത്തിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തിയ മാധവിക്കുട്ടിയുടെ ജീവിതം മതം മാറ്റവുമായി ബന്ധപ്പെട്ടതാണ്. ആ കാലത്തെ ഒഴിച്ചുനിർത്തിയിട്ട് അവരെക്കുറിച്ചു സിനിമ ചെയ്യാൻ പറ്റില്ല. അങ്ങനെ ചെയ്താൽ അത് അവരുടെ ജീവിതം പാതിവഴിയിൽ നിർത്തി ചെയ്യുന്നതിനു തുല്യമാകും.

*കമൽ കമാലുദ്ദീനാണ് എന്നു 'കണ്ടെത്തുകയും' വീട്ടിലേക്കു മാർച്ച് നടത്തുകയും ചെയ്തത് ഉള്ളിലുണ്ടാക്കിയ പ്രതികരണം എന്താണ്?*

മലയാളികളുടെ കഴിഞ്ഞകാലങ്ങളിലെ ജീവിതം എന്നു പറയുന്നത് ഇത്തരൊരു സ്വത്വ പ്രതിസന്ധിയുടെ നടുവിൽപ്പെട്ടിരിക്കുകയാണ്. പ്രധാനപ്പെട്ട കാര്യമാണ് അത്. ഇന്ത്യൻ സാമൂഹിക പശ്ചാത്തലത്തിൽ അതിനു വളരെ പ്രസക്തിയുണ്ട്. കാരണം, രാജ്യത്തെ മറ്റെല്ലായിടത്തും ജാതിവ്യവസ്ഥയും മതങ്ങളുടെ പരിധിവിട്ട സ്വാധീനവുമെല്ലാം കടന്നുക



കമല സുരയ്യ

യറിയപ്പോൾ നമ്മൾ മലയാളികൾ എന്തു പറഞ്ഞാണ് നിലനിന്നത്. നമ്മൾ ഇതിൽനിന്നു വ്യത്യസ്തരാണ്, നമുക്ക് ആ രീതിയിലുള്ള ഒരു കടന്നുകയറ്റത്തെയും അഭിമുഖീകരിക്കേണ്ടിവരില്ല, രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലെ ജനങ്ങളേക്കാളും നമ്മൾ സംസ്കാര സമ്പന്നരാണ്, രാഷ്ട്രീയമായി പ്രബുദ്ധരാണ് എന്നൊക്കെയാണ്. അങ്ങനെ പറഞ്ഞിരുന്ന മലയാളി ഇപ്പോൾ അനുഭവിക്കുന്ന വലിയ ഒരു പ്രതിസന്ധിയാണ് ഈ സാംസ്കാരിക ഫാസിസം. അതൊരു അജൻഡയുടെ ഭാഗമാണ് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. എവിടെ പിടിച്ചാലാണ് മലയാളികളുടെ സാംസ്കാരികമായ ഈ ഉന്നമനത്തെയും രാഷ്ട്രീയ പ്രബുദ്ധതയെയും ബ്രേക്ക് ചെയ്യനാവുക എന്നതു വളരെ തന്ത്രപരമായ പഠനത്തിന്റെ ഭാഗമായ രാഷ്ട്രീയ അജൻഡയായിരിക്കും. ഒരു വലതുപക്ഷ രാഷ്ട്രീയ തന്ത്രമായിരിക്കാം. അതാണ് ഫാസിസ്റ്റ് ശക്തികൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ബ്രേക്ക് ചെയ്ത് അവരിലേക്കു തിരിച്ചുവിടാനുള്ള ഈ അജൻഡയെ പ്രതിരോധിച്ചുകൊണ്ടിരിക്കുന്നത് ഇടതുപക്ഷമായതുകൊണ്ടാണ് അവർ ഇടതുപക്ഷത്തെ ആക്രമിക്കുന്നത്. വലതുപക്ഷവൽക്കരണത്തെയും ഫാസിസത്തെയും മതപരമായ സമ്മർദങ്ങളെയും അന്ധവിശ്വാസങ്ങളെയും അടക്കം സാമൂഹിക ജീവിതത്തിൽ വന്നിട്ടുള്ള ഈ ഛിദ്രതയെ മുഴുവൻ ചെറുക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നത് ഇടതുപക്ഷ പ്രസ്ഥാനവും ബുദ്ധിജീവികളും സാംസ്കാരിക നായകരും അടങ്ങുന്ന ഒരു സമൂഹമാണ്. ആ സമൂഹത്തിൽ വിള്ളലുണ്ടാക്കുക, അവിടെനിന്നു കിട്ടുന്നവരെ മുഴുവൻ സ്വന്തമാക്കുക, പലരെയും പല കള്ളികളിലേക്കു മാറ്റിനിർത്തുക എന്നത് ഈ അജൻഡയുടെ ഭാഗമാണ്. അതിന് ഏറ്റവും എളുപ്പത്തിൽ നടക്കുന്ന കാര്യമാണ് മതത്തെയും ജാതിയെയും ഉപയോഗിക്കുക എന്നത്. ആ കള്ളിയുടെ ഭാഗമാക്കിക്കഴിഞ്ഞാൽ പിന്നെ അവിടെനിന്നു പുറത്തുകടക്കാൻ പറ്റില്ല. കമൽ കമാലുദ്ദീൻ ആയിക്കഴിഞ്ഞാൽ എനിക്ക് ആ സ്വത്വത്തിൽനിന്നു പുറത്തുകടക്കാൻ പറ്റാതെ വരികയും പറയുന്നതെല്ലാം കമാലുദ്ദീൻ പറയുന്നതായി മാറ്റിയെടുക്കുകയും ചെയ്യുന്ന വല്ലാത്തൊരു അവസ്ഥയിലേക്കാണ് എത്തിക്കുന്നത്. ഞാൻ തിരിഞ്ഞുനോക്കുമ്പോൾ അതാണ് മനസ്സിലാകുന്നത്.

ഞാൻ ഒരിക്കലും കമാലുദ്ദീൻ എന്ന സ്വത്വത്തിൽ ജീവിച്ച ഒരാളല്ല. എന്റെ പിതാവ് എനിക്ക് അങ്ങനെയൊരു പേരിട്ടപ്പോൾ അത് എസ്.എസ്.എൽ.സി ബുക്കിൽ മാത്രം ഒതുങ്ങുകയാണ് ചെയ്തത്. എന്റെ വീട്ടിലോ നാട്ടിലോ എന്നെ കമാലുദ്ദീൻ എന്നു വിളിച്ചിട്ടില്ല, കമാൽ ആണ് എല്ലാവർക്കും. കമാൽ പിന്നീട് ലോപിച്ച് കമൽ ആയതാണ്. ഞാൻ ആ പേരു സ്വീകരിക്കുകയും ചെയ്തു. കോളേജ് വിദ്യാഭ്യാസ കാലത്തും സിനിമയിൽ വന്ന കാലത്തുമൊക്കെ ഞാൻ കമലാണ്. കൊടുങ്ങല്ലൂർ എന്ന എന്റെ നാട് വളരെ സെക്കുലറായ ഒരു മുസ്‌ലിം സമൂഹം ഉള്ള പ്രദേശമാണ്. സവർണ ഹൈന്ദവികതയും അവർണ ഹൈന്ദവികതയും മുസ്‌ലിങ്ങളും എന്നൊക്കെ വേർതിരിച്ചു കണ്ടിട്ടില്ല. എല്ലാവരുമായും ഒരേ കുടുംബത്തിലെ അംഗങ്ങളെപ്പോലെ ജീവിച്ച ഒരു മുസ്‌ലിം തറവാട്ടിൽ ജനിച്ചു വളർന്നയാളാണ്. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ സ്ഥിരമായി മത്സരിച്ചു ജയിച്ചുകൊണ്ടിരുന്ന അവിടുത്തെ ഒരു മുസ്‌ലിം തറവാട്ടിലെ പ്രമാണിക്കെതിരെ അദ്ദേഹത്തിന്റെ വീട്ടിൽ തെങ്ങുകയറാൻ ചെന്നിരുന്ന വേലായുധനെ മത്സരിപ്പിച്ചു വോട്ടുപിടിച്ചത് എന്റെ


Always with quality

GREEN BOOKS

**തസ്‌ലീമ വീണ്ടും ഗ്രീൻബുക്സ് സന്ദർശിച്ചപ്പോൾ**

"Grateful to you for honouring me so much. You are great. I am so moved to see your great successes" - Taslima Nasrin



**സ്ത്രീയേയും പ്രണയത്തെയും കുറിച്ച്**
അനുഭവം, വില:185.00

**വീട് നഷ്ടപ്പെട്ടവൾ**
നോവൽ, വില:260.00

**ലജ്ജ** നോവൽ, , വില:205.00

**ഫ്രഞ്ച് ലവർ** നോവൽ, വില: 290.00

**അന്തസ്സുള്ള നുണകൾ**
നോവൽ, വില: 150.00

**കല്യാണി,** നോവൽ, വില:85.00

**എന്റെ പെൺകുട്ടിക്കാലം**
ആത്മകഥ ഒന്നാം ഭാഗം, വില:265.00

**യൗവ്വനത്തിന്റെ മുറിവുകൾ**
ആത്മകഥ രണ്ടാം ഭാഗം, വില:385.00

**ദ്വിഖണ്ഡിത പൂച്ചെണ്ടുകളുടെ കാലം**
അനുഭവം, ഒന്നാംഭാഗം, വില:210.00

**ദ്വിഖണ്ഡിത - നിഷ്കാസിത**
അനുഭവം, രണ്ടാംഭാഗം, വില:190.00

**വീണ്ടും ലജ്ജിക്കുന്നു**
നോവൽ, വില:220.00

**തർജ്ജമ നിർവ്വഹിച്ചവർ**
എം.കെ.എൻ. പോറ്റി
കെ.പി. ബാലചന്ദ്രൻ, ലീലാ സർക്കാർ

info@greenbooksindia.com
തൃശൂർ 0487 - 2422515,
0487-2381066, 0487-2381039
പാലക്കാട് 0491 - 2546162,
കണ്ണൂർ 0497-2763038
തിരുവനന്തപുരം 9526454149

Online Bookstore
www.greenbooksindia.com

GB/14151

ഉമ്മയുടെ സഹോദരൻ യൂസുഫ് പടിയത്ത് ആണ്. മറ്റേയാൾ ഞങ്ങളുടെ അടുത്ത ബന്ധുവുമായിരുന്നിട്ടുപോലും. അതാണ് ഞാൻ വന്ന പാരമ്പര്യം. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബുമൊക്കെയായി ബന്ധമുള്ള കുടുംബപശ്ചാത്തലം. അവിടെയൊരിക്കലും കമാലുദ്ദീൻ എന്ന പേരിനു യാതൊരു പ്രസക്തിയുമില്ല. കൊടുങ്ങല്ലൂർ ചേരമാൻ പള്ളിയിലെ ഇമാം വരെ എന്നെ കമൽ എന്നു വിളിക്കുന്ന വിധത്തിൽ അത്രയ്ക്കു സെക്കുലറാണ് എന്റെ ചുറ്റുപാടുകൾ. തിരിച്ചും അതാണ് സ്ഥിതി. അവിടുത്തെ ഹൈന്ദവർ മുഴുവൻ സെക്കുലറാണ്, എന്റെ സുഹൃത്തുക്കളുമാണ്. ആദ്യമായി എന്ന കമാലുദ്ദീൻ എന്നു വിളിക്കുന്നതു സംഘ്പരിവാറുകാരാണ്. അതായത് കൊടുങ്ങല്ലൂരിൽ ഒരിടത്തുമില്ലാത്ത അസഹിഷ്ണുത പുറത്തുനിന്നു കൊണ്ടുവന്ന് ഈ ബാഹ്യശക്തികൾ ഉണ്ടാക്കിയെടുക്കുകയാണ്. അതിനു പിന്നിൽ ഞാൻ നേരത്തേ പറഞ്ഞ അജൻഡയാണ്. ഇത് എന്റെ മാത്രം പ്രശ്നമല്ല, ഓരോരുത്തരും അനുഭവിക്കേണ്ട പ്രശ്നമായി മാറും. ദളിതനും ഇത് അനുഭവിക്കേണ്ടിവരുന്ന വലിയൊരു സ്വത്വപ്രതിസന്ധിയിലേക്കാണ് മലയാളി സമൂഹം പൊയ്ക്കൊണ്ടിരിക്കുന്നത്. കേരളത്തിൽ അതുണ്ടായിരുന്നില്ല, മുൻപ്. അതിനെ പ്രതിരോധിക്കണമെങ്കിൽ വളരെ സെക്കുലറായ ഒരു സമൂഹം ഉണർന്നു പ്രവർത്തിച്ചേ പറ്റൂ. കലാകാരന്മാർക്ക് അതിനു ബാധ്യതയുണ്ട്. പക്ഷേ, കലാകാരന്മാർ പലപ്പോഴും മൗനം പാലിക്കുന്നു എന്നതാണ് സങ്കടകരമായ ഒരു അവസ്ഥ.

*ദേശീയഗാന വിവാദവുമായി ബന്ധപ്പെട്ട നിലപാടിൽ ഉറച്ചുനിൽക്കുകയാണോ. സുപ്രീം കോടതി വിധിയോട് എന്താണ് നിലപാട്?*

തിയേറ്ററുകളിൽ ദേശീയഗാനം ആലപിക്കുന്നതിന് അന്നും ഇന്നും ഞാൻ എതിരു പറഞ്ഞിട്ടില്ല. സുപ്രീം കോടതി അങ്ങനെയൊരു വിധി പുറപ്പെടുവിച്ചപ്പോൾ ചലച്ചിത്രമേളയിൽ എല്ലാ ഷോയ്ക്കും ദേശീയഗാനം ആലപിക്കേണ്ടതുണ്ടോ എന്നു ഞങ്ങളുടെ വകുപ്പുമന്ത്രിയോടു ചോദിച്ചു. എല്ലാ ഷോയ്ക്കും ദേശീയഗാനം വയ്ക്കാനാണ് മന്ത്രിയും നിർദ്ദേശിച്ചത്. ആദ്യത്തെ പ്രദർശനം മുതൽ അതു ചലച്ചിത്ര അക്കാദമി നടപ്പാക്കി. ദേശീയഗാനം ആലപിക്കുമ്പോൾ എഴുന്നേറ്റുനിൽക്കണം എന്നു ഞങ്ങൾ സ്ലൈഡ് ഇട്ടു, അവതാരകരെക്കൊണ്ട് പറയിക്കുകയും ചെയ്തു. അവിടെ ഞങ്ങളുടെ ഉത്തരവാദിത്വം തീർന്നു. എഴുന്നേറ്റു നിൽക്കുന്നില്ല എന്നതു പൊലീസ് പിന്നീടുണ്ടാക്കിയ ഒരു ആരോപണമാണ്. ചിലർ എഴുന്നേറ്റു നിന്നില്ല എന്നതു ശരിയാണ്. പക്ഷേ, ഒരാളുടെ സ്വാതന്ത്ര്യത്തിൽ കൈകടത്തി നിർബന്ധപൂർവ്വം എഴുന്നേറ്റു നിൽപ്പിക്കാനുള്ള ബാധ്യത ചലച്ചിത്ര അക്കാദമിക്ക് ഇല്ല. പൊലീസ് എടുത്ത നടപടിക്കെതിരേയും ഞാൻ പ്രതികരിച്ചില്ല. പക്ഷേ, പൊലീസ് അങ്ങനെയൊരു ഏകപക്ഷീയമായ നടപടിയെടുത്തത് ശരിയായില്ല എന്നാണ് പറഞ്ഞത്. ചലച്ചിത്രോത്സവം സമാധാനപരമായി നടത്തേണ്ടതു അക്കാദമി ചെയർമാൻ എന്ന നിലയിൽ എന്റെ കൂടി ഉത്തരവാദിത്വമാണ്. അതിന്റെ ഭാഗമായാണ് പൊലീസ് നടപടി അനുചിതമായിപ്പോയി എന്നു ഞാൻ പറഞ്ഞത്. ഞങ്ങളോട് ആലോചിക്കണമായിരുന്നു. നടപടിയെടുത്തേ പറ്റൂ എന്ന സാഹചര്യം മന്ത്രിയോടോ സാംസ്കാരിക വകുപ്പു സെക്രട്ടറിയോടോ ചലച്ചിത്ര അക്കാദമിയുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോടോ അറിയിച്ചിട്ടു വേണമായിരുന്നു പൊലീസ് ഇടപെടൽ. അതു തെറ്റായിപ്പോയി എന്നുപോലും ഞാൻ പറഞ്ഞില്ല, നിർഭാഗ്യകരമായിപ്പോയി എന്നു മാത്രമാണ് പറഞ്ഞത്. അതിന്റെ പേരിലാണ് എനിക്കെതിരെ ഈ പറയുന്ന ബഹളം മുഴുവനും ഉണ്ടായത്. ദേശീയഗാനം ആലപിക്കുന്നതിനു ഞാൻ എതിരായിരുന്നില്ല. പിന്നെ അഞ്ച് ഷോയ്ക്കും ദേശീയഗാനം വേണോ എന്നു ചോദിച്ച് കൊടുങ്ങല്ലൂർ ഫിലിം സൊസൈറ്റിക്കാർ കോടതിയിൽ പോയി. അത് എന്റെ നിർദ്ദേശപ്രകാരമൊന്നുമല്ല. വളരെ ബുദ്ധിപൂർവ്വം ഇത്തരം കാര്യങ്ങളെക്കുറിച്ചു ചിന്തിക്കുന്ന ചെറുപ്പക്കാരുടെ സ്വതന്ത്രസംഘടനയാണ് അത്. ഞാൻ അതിന്റെ രക്ഷാധികാരികളിലൊരാളാണ് എന്നതു ശരിയാണ്. കൊടുങ്ങല്ലൂരിലെ അറിയപ്പെടുന്ന ഒരു കലാകാരനായതുകൊണ്ട് അവർ എന്നെക്കൂടി അങ്ങനെ ഉൾപ്പെടുത്തിയെന്നേയുള്ളൂ.

*ദേശീയ ചലച്ചിത്ര അവാർഡ് നിർണയ ജൂറിയെ നിശ്ചയിക്കുമ്പോൾ നല്ല സിനിമയെ അറിയുന്നവരെയാകണം ഉൾപ്പെടുത്തേണ്ടത് എന്ന് അടൂർ ഗോപാലകൃഷ്ണൻ കേന്ദ്രസർക്കാരിനു കത്തെഴുതിയിരിക്കുകയാണല്ലോ?*

ഞാൻ അദ്ദേഹത്തോടു യോജിക്കുന്നു. വിശ്വാസ്യത ഇല്ലാത്ത ആളുകൾ ദേശീയ ചലച്ചിത്ര അവാർഡ് നിർണയ ജൂറിയിൽ വരുന്നു എന്നതാണ് ചില വർഷങ്ങളായി കാണുന്ന രീതി. ആ വർഷം ഇന്ത്യയിൽ ഇറങ്ങുന്ന സിനിമകളെ വിലയിരുത്താൻ പ്രാപ്തിയുള്ളവരാകണം ജൂറിയിൽ വരുന്നത്. രാഷ്ട്രീയവും വലതുപക്ഷ, ഇടതുപക്ഷ സമീപനം നോക്കിയല്ല അതിൽ ആളുകളെ വയ്ക്കേണ്ടത്.

ഇവിടെയായാലും അത് അങ്ങനെതന്നെയാകണം. സിനിമയുടെ ഭാഷയും സൗന്ദര്യശാസ്ത്രവും അറിയാവുന്നവരായിരിക്കണം സിനിമയ്ക്കു മാർക്കിടുന്നതും വിലയിരുത്തുന്നതും. അല്ലാതെ വഴിയിൽക്കൂടി പോകുന്നവരല്ല. കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങളിലെ ദേശീയ അവാർഡ് നിർണയരീതി കണ്ടുള്ള വ്യാകുലതകൊണ്ടാകാം വളരെ മുതിർന്ന ഫിലിം മേക്കർ എന്ന നിലയിൽ അടൂർ സാർ കത്തെഴുതിയത്. മികച്ച സിനിമയ്ക്കുള്ള പുരസ്കാരം നേടിയ കഴിഞ്ഞ വർഷത്തെ സിനിമയുടെ പേരു നോക്കിയാൽ അതു മനസ്സിലാകും. ബാഹുബലിയാണ് മികച്ച സിനിമ.

അതു കച്ചവടത്തിനുവേണ്ടി മാത്രം എടുത്ത സിനിമയാണ്. അതുകൊണ്ടാണ് അദ്ദേഹം എതിർത്തത്. അതേസമയം ജനങ്ങൾ കൂടുതലായി കണ്ട സിനിമകളെല്ലാം മോശമാകണമെന്നുമില്ല. ജനപ്രിയ സിനിമയും കലാമൂല്യമുള്ള സിനിമയും തമ്മിൽ വേർതിരിവു വേണ്ട. രണ്ടും ഒന്നിച്ചു പോയാലും കുഴപ്പമൊന്നുമില്ല. ●